# കടൽ കടന്നത് കുടുംബം പോറ്റാൻ; ദുരിതങ്ങൾ താണ്ടി മടങ്ങിയിട്ടും അവഗണന ബാക്കി

● ഏജൻറുമാരുടെ പേരു സഹിതം പരാതി നൽകിയിട്ടും പൊലീസ് മനുഷ്യക്കടത്തിന് കേസെടുത്തില്ലെന്ന്

**കൊച്ചി:** ഏജൻറുമാരുടെ ചതിക്കിരയായി ഗൾഫ് രാജ്യങ്ങളിൽ കുടുങ്ങിയ ഒരുകൂട്ടം വനിതകളുടെ പരാതികൾ പൊലീസ് സ്റ്റേഷനുകളിലെ ചവറ്റുകുട്ടകളിൽ വിശ്രമിക്കുന്നു. മാസങ്ങളും വർഷങ്ങളും നീണ്ട പീഡനത്തിനൊടുവിൽ മടങ്ങിയെത്തി നേരിട്ട് നൽകിയ പരാതികളിൽ പോലും പൊലീസ് നടപടിയെടുത്തിട്ടില്ല. മോഹന വാഗ്ദാനങ്ങളിൽ കുരുങ്ങി സൗദി അറേബ്യയിൽ ജോലി തേടിപ്പോയി വഞ്ചിതരായ ഒരു കൂട്ടം വനിതകൾ എറണാകുളം പ്രസ്ക്ലബിൽ പൊട്ടിക്കരഞ്ഞാണ് അനുഭവങ്ങൾ വിവരിച്ചത്. ഭാരതീയ പ്രവാസി പഠന കേന്ദ്രം മേധാവിയും സംവിധായകനുമായ റഫീഖ് റാവുത്തറിനൊപ്പമാണ് ഇവർ വാർത്താസമ്മേളനത്തിനെത്തിയത്.

അറബ് രാഷ്ട്രങ്ങളിൽ വീട്ടുജോലികൾക്ക് പോകുന്ന വനിതകളുടെ സുരക്ഷ ഉറപ്പാക്കാൻ 2015ൽ കേന്ദ്രം കൊണ്ടുവന്ന ഇമൈഗ്രേറ്റ് സിസ്റ്റം മറികടന്ന് സൗദിയിലേക്ക് ജോലിക്കെന്ന പേരിൽ ഏജൻറുമാർ കടത്തിയ സ്ത്രീകളാണ് പിന്നീട് ദുരിതത്തിലായത്. തൊഴിൽ കരാറും എമിഗ്രേഷൻ ക്ലിയറൻസും ഇല്ലാതെ ഇവരെ ഏജൻറുമാർ മനുഷ്യക്കടത്തിന് വിധേയരാക്കുകയായിരുന്നു. ചെന്നൈ, മുംബൈ, ബംഗളൂരു, ഡൽഹി വിമാനത്താവളങ്ങൾ വഴി ദുബൈയിലെത്തിച്ചശേഷം സൗദിയിലേക്ക് അയക്കുകയാണ് ചെയ്തത്. സൗദിയിലെത്തിച്ച സ്ത്രീകളെ വീട്ടുജോലിക്കും മറ്റുമാണ് നിയോഗിച്ചത്. ഇത്തരം 64 പേരെയാണ് സംഘടന കണ്ടെത്തിയത്. ഇതിൽ 28 പേരെ എംബസി വഴി തിരിച്ചെത്തിച്ചു. ശേഷിക്കുന്ന 36 പേരെ കൂടി രക്ഷപ്പെടുത്താനുള്ള ശ്രമങ്ങൾ നടക്കുകയാണ്.

വീടുകളിൽ നേരിടേണ്ടി വന്ന കടുത്ത പീഡനങ്ങളുടെ കഥകളാണ് സ്ത്രീകൾ വിവരിച്ചത്. പുലർച്ചെ നാലിന് തുടങ്ങുന്ന ജോലി രാത്രി 12 കഴിഞ്ഞാലും തീരില്ല. കിടക്കാൻ സ്ഥലം പോലും കിട്ടാറില്ല. നാട്ടിൽ പോകണമെന്ന് ആഗ്രഹിച്ചാലും പറ്റാത്ത അവസ്ഥയായിരുന്നു. ഇവർക്ക് നൽകാനെന്ന പേരിൽ ഏജൻറുമാർ കൈപ്പറ്റിയ തുക തിരിച്ചു നൽകാതെ വിടില്ലെന്നാണ് അവർ പറഞ്ഞത്. എന്നാൽ, ഏജൻറുമാർ വാങ്ങിയ തുകതങ്ങൾക്ക് കിട്ടിയിട്ടില്ലെന്ന് യുവതികൾ പറയുന്നു. മാത്രമല്ല, യാത്രക്കായി ആവശ്യപ്പെട്ട പണം കൊടുക്കുകയും ചെയ്തവരാണിവർ. ആറ് ദമ്പതികളും അവരുടെ മക്കളുമടങ്ങുന്ന വലിയ കുടുംബത്തിൽ ഊണും ഉറക്കവുമില്ലാതെ ദുരിത ജീവിതം നയിച്ച കഥയാണ് ഒരു യുവതി പറഞ്ഞത്. നാട്ടിലെ ചെറിയ വീട് വിറ്റ് രണ്ടര ലക്ഷം കൊടുത്താണ് ഇവർ രക്ഷപ്പെട്ടത്. കായികമായി ആക്രമണങ്ങൾ നേരിടാത്ത ഒരാൾ പോലുമില്ല. ലൈംഗികാക്രമണങ്ങൾക്ക് ഇരയായവരുമുണ്ട്.

ഏജൻറുമാരുടെ പേരു സഹിതം തട്ടിപ്പിനിരയായവർ പരാതി നൽകിയിട്ടും പൊലീസ് മനുഷ്യക്കടത്തിന് കേസെടുത്തിട്ടില്ലെന്ന് റഫീഖ് പറഞ്ഞു.

മുംബൈ കേന്ദ്രീകരിച്ച് വൻ ലോബി പ്രവർത്തിക്കുന്നുണ്ടെന്നും ഇവരെ കണ്ടെത്താൻ പരാതികളിൽ ശരിയായ അന്വേഷണം നടത്തണമെന്നുമാണ് യുവതികളുടെ ആവശ്യം.